**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യ ഘട്ടമായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കടൽ രക്ഷാ പ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 719 ഓളം പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം<br>180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡ് കളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെ ത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡി.എ.റ്റി, ജി.പി.എസ്, 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്ക വിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ഇൻകോയിസ് (INCOIS) വഴി ലഭ്യമാ ക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യ ത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സും 1000 എണ്ണം ലൈഫ്ബോയെയും പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് നൽകി. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം ജി.പി.എസ് – 1110 എണ്ണം, ഡി.എ.റ്റി – 64 എണ്ണം -എന്നിവ നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ് കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ് കൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320

| | | | |
|---|---|---|---|
| | | | എഫ്.ആർ.പി യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2021-22 വർഷം 2 കോടി രൂപയുടെ അനുമതി നൽകുകയും, 2,758 യാനങ്ങൾക്കു പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ അനുമതി നൽകി പരമാവധി യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>പരമ്പരാഗത മത്സ്യ ത്തൊഴിലാളികളെ ആഴക്കടൽ മത്സ്യ ബന്ധത്തിന് പ്രാപ്തരാക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര , സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും പുരോഗമിച്ച വരുന്നു. |
| (ബി) | ജി.പി.എസ്. സംവിധാനമുള്ള ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലെന്നും അപകടത്തിൽപ്പെട്ട പല വള്ളങ്ങളിലും ഇത് ഉപയോഗിച്ചിട്ടും ആരും രക്ഷാപ്രവർത്തനത്തിന് എത്തിയില്ലെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റേഡിയോ ബീക്കൺ വഴി സിഗ്നൽ ലഭിച്ചിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളി കളെയും ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രക്ഷപ്പെടുത്തിയിട്ടുണ്ട്. ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജന മില്ലെന്നും ബീക്കൺ ഉപയോഗിച്ചിട്ടും ആരും രക്ഷാപ്രവർത്തനത്തിന് എത്തിയില്ലെന്നു മുള്ള പരാതികളൊന്നും തന്നെ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ വർഷം കേരള തീരത്ത് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ പ്രസ്തുത സംവിധാനം ഉണ്ടായിരുന്നോ; വിശദമാക്കാമോ; | (സി) | ഉണ്ടായിരുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത റേഡിയോ ബീക്കണുകളുടെ കാലാവധി 2018 ൽ അവസാനിച്ച സാഹചര്യത്തിൽ ടി ഉപകരണങ്ങൾ ഗുണഭോക്താക്കളിൽ നിന്നും തിരിച്ചു വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു ജില്ലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളും ബോട്ടുകളും ഐ.എസ്.ആർ.ഒ.യുടെ ഗതിനിർണ്ണയ ഉപഗ്രഹ ശൃംഖലയായ നാവികിന്റെ കീഴിൽ വരുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | (ഡി) | ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാവിക് ഉപകരണങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 941 നാവിക് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ഒരു വശത്തേക്ക് മാത്രം (One way) കമ്മ്യൂണിക്കേഷൻ സാദ്ധ്യമായ ടി ഉപകരണം വാങ്ങുവാൻ ഗുണഭോക്താക്കൾ വിമുഖത കാണിക്കുന്നതിനാൽ കൂടുതൽ നാവിക് ഉപകരണങ്ങൾ നൽകിയില്ല. |

സെക്ഷൻ ഓഫീസർ